**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2929** **12-07-2022 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണവില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മണ്ണെണ്ണയുടെ വില ഉയരുന്നതും ലഭ്യത കുറവും മൂലം മത്സ്യബന്ധനത്തിനായി മണ്ണെണ്ണ വാങ്ങി മത്സ്യത്തൊഴിലാളികൾ കടക്കെണിയിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. മണ്ണെണ്ണയുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൂടുതൽ വില നൽകി മണ്ണെണ്ണ വാങ്ങി മത്സ്യബന്ധനം നടത്തിയാലും ഇതിന്റെ നേട്ടം തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ദൈനംദിനം മണ്ണെണ്ണക്ക് വില വർദ്ധിക്കുന്നതിനാൽ മത്സ്യത്തൊഴിലാളികൾക്ക് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ലൈസൻസികളെ ഉപയോഗിച്ച് മണ്ണെണ്ണ വിതരണം നടത്തുന്നത് ഒഴിവാക്കി മത്സ്യഫെഡ് മുഖേന കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാന സർക്കാർ ധനസഹായത്താൽ പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് മത്സ്യഫെഡ് മുഖേന, വെള്ള മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡിയിൽ വിതരണം ചെയ്തു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ 10 HP വരെ 140 ലിറ്ററും 10 HP മുതൽ 15 HP വരെ 150 ലിറ്ററും 15 HP ക്ക് മുകളിൽ 190 ലിറ്ററും മണ്ണെണ്ണയാണ് പ്രതിമാസം സംസ്ഥാന സർക്കാർ സബ്സിഡി നിരക്കിൽ അനുവദിക്കുന്നത്. സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് DBT ആയാണ് അനുവദിക്കുന്നത് .<br><br>കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി അംഗീകരി ക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിരന്തരം ആവശ്യപ്പെട്ടിട്ടും രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ